"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - ആലപ്പുഴ ജില്ല- ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്- ക്ലർക്ക് - ശ്രീ. പ്രമോദ് എം എസ് ന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2112/2024/LSGD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
2. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.09.2020ലെ ഇ3-8264/2020/കെ ഡിസ് നമ്പർ നടപടിക്രമം
3. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.08.2021ലെ ഇ3-9426/2021 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.09.2024ലെ LSGD/PD/21224/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ- ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിലെ ക്ലർക്ക് ശ്രീ പ്രമോദ്.എം.എസ്-ന്റെ നിരീക്ഷണ കാലയളവ് ടിയാൾ 50 വയസ്സ് പൂർത്തികരിച്ച 14.05.2020 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി, ടിയാളുടെ നിരീക്ഷണകാലയളവ് 11.10.2009 മുതൽ 15.05.2020 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാർക്ക് തസ്തികയിൽ 11.10.2006-ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ പ്രമോദ് എം എസ്-നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് പരാമർശം (3) പ്രകാരം 11.10.2008 മുതൽ 10.10.2009 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും, തുടർന്ന് 14.05.2020-ൽ 50 വയസ്സ് പൂർത്തിയായതിനാൽ ടിയാളെ നിർബന്ധിത വകുപ്പ് തല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും 15.05.2020 തീയതി പ്രാബല്യത്തിൽ പരാമർശം (2) പ്രകാരം സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ പ്രകാരം ശുപാർശ പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ശ്രീ പ്രമോദ്. എം. എസ്-ന്റെ ക്ലർക്ക് തസ്തികയിലെ പ്രൊബേഷൻ ടിയാൾ 50 വയസ്സ് കൈവരിച്ച 15.05.2020 (ജനന തീയതി 15..05.1970) തീയതി പ്രാബല്യത്തിൽതന്നെ പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് ഉതകുമാറ് ടിയാളുടെ പ്രൊബേഷൻ കാലയളവ് പരാമർശ(1) സർക്കുലർ വ്യവസ്ഥകൾക്ക് വിധേയമായി 11.10.2009 മുതൽ 16.05.2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , ആലപ്പുഴ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി, ചേർത്തല - തെക്ക് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. ശ്രീ പ്രമോദ് എം എസ് , ക്ലർക്ക് , ചേർത്തല - തെക്ക് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ, ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.198/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 06-11-2024 12:18:03